ഉപഭോക്തൃ സങ്കട പരിഹാര ഫോറം

വൈദ്യുതി വിഭാഗം, തൃശ്ശൂർ കോർപ്പറേഷൻ
തൃശ്ശൂർ - 680 001.

നമ്പർ : CGRF – 5656/25 തിയ്യതി : 29.09.2025

ഹാജർ

ടി. എസ്. ജോസ് - ചെയർപേഴ്സൺ
കെ.വിനുകൃഷ്ണൻ - മെമ്പർ
അഡ്വ. അസിയ.പി.കെ - മെമ്പർ

മനോരമ തമ്പുരാട്ടി
37/654, പ്രണവം പരാതിക്കാരി
തോട്ടക്കാട്ട് ലെയിൻ
വൈലോപ്പിള്ളി ലെയിൻ, പൂങ്കുന്നം

ലൈസൻസിയ്ക്കു വേണ്ടി
അസിസ്റ്റന്റ് സെക്രട്ടറി,
വൈദ്യുതി വിഭാഗം എതിർകക്ഷി
തൃശ്ശൂർ കോർപ്പറേഷൻ
തൃശ്ശൂർ - 680 001.

പരാതിയുടെ സംക്ഷിപ്ത രൂപം :

പൂങ്കുന്നം തോട്ടക്കാട്ടു ലെയിനിൽ മുതിർന്ന പൗരൻമാർ താമസിക്കുന്നിടത്ത് തെരുവ് വിളക്കുകൾ കത്തുന്നില്ല. ആയതിന് ആവശ്യമായ ക്രമീകരണങ്ങൾ ചെയ്ത് നൽകുന്നതിനാണ് സി.ജി.ആർ.എഫിൽ പരാതി സമർപ്പിച്ചിട്ടുള്ളത്.

ഫോറത്തിന്റെ നടപടികൾ :

പൂങ്കുന്നം ഉൾപ്പെടുന്ന ലൈസൻസിയുടെ സെക്ഷൻ - 3 അസിസ്റ്റന്റ് എഞ്ചിനീയറോട് റിപ്പോർട്ട് ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടു. 29.09.2025 ന് ഫോറം ചേർന്ന് പരാതി പരിശോധിച്ചു.

ഫോറത്തിന്റെ നിഗമനം :

സെക്ഷൻ 3 അസിസ്റ്റന്റ് എഞ്ചീനീയറുടെ അന്വേഷണ പ്രകാരം തെരുവ് വിളക്കുകൾ കത്തുന്നുണ്ടെന്നും പരാതിക്കാരിക്ക് പരാതി ഇല്ലെന്നും അറിയിച്ചതായി കാണുന്നു.

ഉത്തരവ് നടപടികൾ :

തെരുവ് വിളക്കുകൾ കത്തുന്നുണ്ടെന്ന് പരാതിക്കാരി അറിയിച്ചതിനാൽ പരാതി പരിഹരിച്ച് ഉത്തരവായി.

അഡ്വ. അസിയ.പി.കെ
മെമ്പർ

വിനുകൃഷ്ണൻ. കെ
മെമ്പർ

ടി.എസ്. ജോസ്
ചെയർപേഴ്സൺ